**മട്ടന്നൂർ ഇലക്ഷൻ**
**അടിയന്തരം**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം - 695033

നമ്പർ.ബി3/53/2022/സം.തി.ക.(3) തീയതി 05.08.2022

## സർക്കുലർ

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - കണ്ണൂർ ജില്ല - മട്ടന്നൂർ നഗരസഭയിലെ പൊതുതിരഞ്ഞെടുപ്പ് 2022 - പോളിംഗ് സാധനങ്ങളുടെ വിതരണവും തിരികെ വാങ്ങലും - മാർഗനിർദേശങ്ങൾ - സംബന്ധിച്ച്

സൂചന : കമ്മീഷന്റെ 06.07.2022 ലെ ഇതേ നമ്പർ സർക്കുലർ

*****************

മട്ടന്നൂർ നഗരസഭയിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെക്ടറൽ ഓഫീസർമാർ മുഖേന പോളിംഗ് സാധനങ്ങളുടെ വിതരണവും തിരികെ വാങ്ങലും സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

**പശ്ചാത്തല സൗകര്യം ഒരുക്കൽ**

- മട്ടന്നൂർ ഹയർ സെക്കന്ററി സ്കൂളാണ് പോളിംഗ് സാധനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രമായും വോട്ടെണ്ണൽ കേന്ദ്രമായും നിശ്ചയിച്ചിട്ടുള്ളത്.
- മട്ടന്നൂർ നഗരസഭയിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സാധനങ്ങൾ സെക്ടറൽ ഓഫീസർമാർ മുഖേന വിതരണം ചെയ്യുന്നതിനും തിരികെ വാങ്ങുന്നതിനുമുള്ള ചുമതല അതാത് വരണാധികാരികൾക്കാണ്.
- സ്വീകരണ വിതരണ വോട്ടെണ്ണൽ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, ടോയലറ്റ്, ഫർണീച്ചർ മുതലായവ ലഭ്യമാണെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പാക്കണം. വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ കേരള സ്റ്റേറ്റ് ഇലക്ട്രിസ്റ്റി ബോർഡ് (KSEB), കേരള വാട്ടർ അതോറിറ്റി (KWA) തുടങ്ങിയവയുടെ സഹകരണത്തോടെ വേണം പരിശോധിക്കേണ്ടത്. ഏത് അടിയന്തരഘട്ടത്തിലും ഈ ആവശ്യങ്ങൾക്ക് പ്രസ്തുത വകുപ്പുകളുടെ സേവനം ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- വൈദ്യുതി വിതരണത്തിന് ജനറേറ്റർ സംവിധാനം, ലൈറ്റ് & സൗണ്ട് സിസ്റ്റം മുതലായവ ആഗസ്റ്റ് 18-ാം തീയതി മുതൽ വോട്ടെണ്ണൽ പൂർത്തിയാകുന്നത് വരെ ഏർപ്പെടുത്തേണ്ടതാണ്.
- ഏറ്റവും സുരക്ഷിതത്വമുള്ള കെട്ടിടം (റൂം) വേണം സ്ട്രോംഗ് റൂം-ന് വേണ്ടി നിശ്ചയിക്കേണ്ടത്. ഇവയുടെ സുരക്ഷിതത്വത്തിന് അനിവാര്യമായ മരാമത്ത് പണികൾ നടത്തേണ്ടതാണ്.
- ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നതിന് ഹാളുകളിൽ മതിയായ സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കേണ്ടതാണ്.

**മറ്റ് മാർഗനിർദേശങ്ങൾ**

- വരണാധികാരികൾ പോളിംഗ് ആവശ്യത്തിനുള്ള ഫാറങ്ങൾ, രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ, മറ്റ് തിരഞ്ഞെടുപ്പ് സാമഗ്രികൾ എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനിൽ നിന്നും ശേഖരിച്ച് സ്വീകരണ, വിതരണ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതും ആഗസ്റ്റ് 18-ാം തീയതി അവ ഓരോ പോളിംഗ് സ്റ്റേഷനും വേണ്ടി പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

- വരണാധികാരികൾ വോട്ടെടുപ്പിന് ആവശ്യമുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനിൽ നിന്നും ആഗസ്റ്റ് 18 ന് മുമ്പ് ശേഖരിക്കേണ്ടതും അവ വിതരണ കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതുമാണ്.
- വരണാധികാരികൾ ആഗസ്റ്റ് 18 നകം തന്നെ അതേ കേന്ദ്രത്തിൽ വച്ച് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കാൻഡിഡേറ്റ് സെറ്റിംഗ് പൂർത്തിയാക്കേണ്ടതാണ്.
- കാൻഡിഡേറ്റ് സെറ്റിംഗ് പൂർത്തിയാക്കിയതിന് ശേഷം അവ വരണാധികാരികളുടെ മേൽ നോട്ടത്തിൽ ആ കേന്ദ്രത്തിലെ സ്ട്രോംങ്ങ് റൂമുകളിൽ സൂക്ഷിക്കേണ്ടതാണ്.
- പോളിംഗ് സാധനങ്ങളുടെ വിതരണ ദിവസം (ആഗസ്റ്റ് 19) പോളിംഗ് സാധനങ്ങളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും പോളിംഗ് ഉദ്യോഗസ്ഥർക്ക് നേരിട്ട് പോളിംഗ് ബൂത്തുകളിൽ വെച്ച് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട സെക്ടറൽ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.
- സെക്ടറൽ ഓഫീസർമാർ പോളിംഗിന് ശേഷം പോളിംഗ് ബൂത്തുകളിൽ നിന്നും ശേഖരിച്ച് കൊണ്ടു വരുന്ന പോളിംഗ് സാധനങ്ങളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും സ്ട്രോംഗ് റൂമിൽ വരണാധികാരിയുടെ സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്.
- സ്വീകരണ-വിതരണ-വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ മതിയായ പോലീസ് സംരക്ഷണം ഉണ്ടെന്ന് ജില്ലാ പോലീസ് ചീഫുമായി ബന്ധപ്പെട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.
- പ്രസ്തുത കേന്ദ്രങ്ങളിൽ ഏത് അടിയന്തര സാഹചര്യത്തിലും ഉപയോഗിക്കത്തക്ക വിധം ഫയർ & റെസ്ക്യൂ വകുപ്പിന്റെ സേവനം ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**എസ്. മോഹൻദാസ്**
**സെക്രട്ടറി-ഇൻ-ചാർജ്ജ്**

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കണ്ണൂർ
ബന്ധപ്പെട്ട വരണാധികാരികൾ, മട്ടന്നൂർ നഗരസഭ
സെക്രട്ടറി, മട്ടന്നൂർ നഗരസഭ

പകർപ്പ് :
ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കണ്ണൂർ (പ്രവർത്തനങ്ങൾ യഥാസമയം മോണിറ്റർ ചെയ്യേണ്ടതാണ്)
ബന്ധപ്പെട്ട ഓഫീസർമാർക്കും സെക്ഷനുകൾക്കും
കമ്പ്യൂട്ടർ പ്രോഗ്രാമർ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട് (ഇലക്ഷൻ)